# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2315 — 09.12.2014-ലെ മറുപടിക്ക്

**<u>സഹകരണബാങ്കുകളിലെ ക്രമക്കേടുകൾ</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ ബാങ്കുകളിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനായി എന്തെല്ലാം തലത്തിലുള്ള പരിശോധനകളാണ് നിലവിൽ നടന്ന് വരുന്നത്; | (എ) യൂണിറ്റ് ഇൻസ്പെക്ടർമാർ, അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ എന്നീ തസ്തികകളിലെ ഉദ്യോഗസ്ഥർ എല്ലാ മാസവും ആകസ്മിക പരിശോധനയും വിശദ പരിശോധനയും നടത്തി വരുന്നു. പ്രാഥമിക പരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയാൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണത്തിനും വകുപ്പ് 66 പ്രകാരമുള്ള പരിശോധനക്കും രജിസ്ട്രാറുടെ പ്രത്യേക ഉത്തരവിലൂടെ ജോയിന്റ് രജിസ്ട്രാർ (ജനറൽ), അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാരെ ചുമതലപ്പെടുത്തുന്നുണ്ട്. കൂടാതെ എല്ലാ വർഷവും സഹകരണ ആഡിറ്റർമാർ ആഡിറ്റ് നടത്തി വരുന്നു. പരാതികളിന്മേൽ സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ ഇൻസ്പെക്ഷൻ സെൽ മുഖേനയും പരിശോധന നടത്തുന്നുണ്ട്. പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകളിൽ അസിസ്റ്റന്റ് രജിസ്ട്രാർ / വാല്യുവേഷൻ ഓഫീസർ എന്നിവർ പരിശോധനകൾ നടത്തുന്നുണ്ട്. സഹകരണ സംഘം രജിസ്ട്രാർ അന്വേഷണത്തിന് കൈമാറുന്ന പരാതികളിൽ സഹകരണ വിജിലൻസ് വിഭാഗം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നുണ്ട്. |
| ബി) സഹകരണ സംഘങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നുവോ ; | (ബി) ബഹുമാനപ്പെട്ട സുപ്രീം കോടതി സിവിൽ അപ്പീൽ നമ്പർ 9017/2013 ന മേൽ പുറപ്പെടുവിച്ച വിധിന്യായം കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങൾ 2005 ലെ വിവരാവകാശ നിയമത്തിലെ വകുപ്പ് 2(4) പ്രകാരമുള്ള ' പബ്ളിക് അതോറിറ്റി ' എന്ന നിർവ്വചനത്തിൽ കീഴിൽ ഉൾപ്പെടില്ലായെന്ന് |

വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാരിന്റെ ഗണ്യമായ സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള സഹകരണ സംഘങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുമെന്നും ടി വിധിന്യായത്തിലെ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ കാണുന്നു.

| | |
|---|---|
| സി) ഹൈക്കോടതിയും മറ്റ് കോടതികളും ഇടപ്പെട്ട് നടത്തിയ അന്വേഷണങ്ങളിൽ കണ്ടെത്തിയ സഹകരണ ബാങ്കുകളിലെ ക്രമക്കേടുകൾ സംബന്ധിച്ച അന്വേഷണ റിപ്പോർട്ടുകളിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വിശദമാക്കുമോ? | (സി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br><u>കൊല്ലം ജില്ല</u><br><br>ഓച്ചിറ സർവ്വീസ് സഹകരണ ബാങ്ക്- സഹകരണ നിയമം വകുപ്പ് 66 പ്രകാരം അന്വഷണം നടന്നു വരുന്നു.<br><br><u>പത്തനംതിട്ട ജില്ല</u><br><br>കുളനട സർവ്വീസ് സഹകരണ ബാങ്ക്- അഡ്മിനിസ്ട്രേറ്ററെ നിയമിക്കുകയും ബഹുമാന പ്പെട്ട ഹൈക്കോടതിയുടെ വിധിന്യായത്തിൽ പോലീസ് ചീഫിനോട് ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ച് അനേഷിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.<br><br><u>തൃശ്ശൂർ ജില്ല</u><br><br>പുത്തൂർ സർവ്വീസ് സഹകരണ ബാങ്ക്- സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ